# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 174 — 16/06/2014-ൽ മറുപടിയ്ക്ക്

### സംയോജിത മത്സ്യഗ്രാമവികസന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. സി. പി. മുഹമ്മദ്:<br>ശ്രീ. റ്റി. എൻ. പ്രതാപൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 45 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 2012-13 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 88.47 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം പുരോഗമിക്കുകയും ചെയ്യുന്നു.<br><br>2012-13 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 25 മത്സ്യഗ്രാമങ്ങളിൽ 48.95 കോടി രൂപയുടെയും 2013-14 സാമ്പത്തിക വർഷത്തിൽ 20 മത്സ്യഗ്രാമങ്ങളിൽ 39.52 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 45 മത്സ്യഗ്രാമങ്ങളിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | |
|---|---|
| (സി) എത്ര മത്സ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; | (സി) വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 45 മത്സ്യഗ്രാമങ്ങളിലാണ് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തിൽ പരുത്തിയൂർ, പൂന്തുറ, പുതുക്കുറിച്ചി, വിഴിഞ്ഞം, വെട്ടൂർ, തങ്കശ്ശേരി, ശക്തികുളങ്ങര, പുറക്കാട്, കാട്ടൂർ, പള്ളിത്തോട്, അർത്തുങ്കൽ, കുമ്പളം, ഉദയംപേരൂർ, പള്ളിപ്പുറം, വടക്കേക്കര, എടക്കഴിയൂർ, കടപ്പുറം, വെങ്കിടങ്ങ്, പരവണ്ണ, അരിയല്ലൂർ, കൊയിലാണ്ടി, എലത്തൂർ, ചാലിൽ ഗോപാൽപേട്ട, കോട്ടിക്കുളം, ബംഗര മഞ്ചേശ്വരം എന്നീ 25 മത്സ്യഗ്രാമങ്ങളിലും 2013-14 സാമ്പത്തിക വർഷത്തിൽ വലിയവേളി, തുമ്പ, അടിമലത്തുറ, കണ്ണാന്തുറ, നീണ്ടകര, മുതാക്കര, ഇരവിപുരം, ആറാട്ടുപുഴ, പുന്നപ്ര, മാനശ്ശേരി, എടവനക്കാട്, ആനാപ്പുഴ, ബ്ലാങ്ങാട്, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ, തയ്യിൽ, അഴിക്കോട്, വലിയപറമ്പ്, ഷിറിയ എന്നീ 20 മത്സ്യഗ്രാമങ്ങളിലും നടപ്പിലാക്കുന്നു. |
| (ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹഅയം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ആഫീസർ